(ബി) ഈ വിശ്രമകേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഈ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതിയുടെ ഭാഗമായി ഇത്തരത്തിലുള്ള വിശ്രമകേന്ദ്രം സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്നനിലയിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുംമുഖത്ത് ഒരു 'ടേക്ക് എ ബ്രേക്ക്' യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ അടുത്തഘട്ടമെന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ യൂണിറ്റ് വീതവും, മലപ്പുറം ജില്ലയിൽ രണ്ട് യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിയുള്ളവർക്കും വേണ്ടി അന്തർദേശീയ നിലവാരമുള്ള ടോയ്‌ലെറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, എ.റ്റി.എം., ഫീഡിംഗ് റൂം മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്.

(സി) പ്രധാനപ്പെട്ട പാതയോരങ്ങളിൽ ഏകദേശം 50 കിലോമീറ്ററിനുള്ളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള വഴിയോരങ്ങളിലും സർക്കാരിന്റെയോ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയോ ഭൂമിയിലാണ്. പ്രധാനമായും 'ടേക്ക് എ ബ്രേക്ക്' യൂണിറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പരിശോധിക്കുന്നതാണ്.

പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ പ്രവർത്തന പുരോഗതി

328 (994) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി മണ്ഡലത്തിലെ ടൂറിസം പദ്ധതികളായ പെരുന്തേനരുവി, മണിയാർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; ഈ പദ്ധതികൾക്കായി അനുവദിച്ച തുക എത്രവീതമാണ്; ഏത് ഏജൻസിക്കാണ് നിർമ്മാണച്ചുമതല ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതേവരെ പൂർത്തീകരിച്ചിട്ടുള്ളത് ; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഓരോ പദ്ധതിയിലും വിഭാവനം ചെയ്തിരുന്നത് ; നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പദ്ധതികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ട പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഒന്നും രണ്ടും ഘട്ടങ്ങളിലായി യഥാക്രമം 97,12,800 രൂപയുടെയും 75,85,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. മണിയാർ ടൂറിസം പദ്ധതിയിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയ്ലെറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചു. മണിയാർ ടൂറിസം പദ്ധതിയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സിഡ്കോയാണ് നിർമ്മാണ ചുമതല നിർവ്വഹിക്കുന്നത്.

(ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടമായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ് ടോയ്ലെറ്റ്, റെസ്റ്റോറന്റ്, പാർക്കിംഗ്, നടപ്പാത, ലാന്റ് സ്കേപ്പിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ് ,പാർക്കിംഗ്, സ്നാക്ക് ബാർ, പവലിയൻ, ലാന്റ് സ്കേപ്പിംഗ് തുടങ്ങിയ വർക്കുകളാണ് വിഭാവനം ചെയ്തിരുന്നത്. നിർവ്വഹണ ഏജൻസിയായ സിഡ്കോയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ് പദ്ധതി തടസ്സപ്പെട്ടിരിക്കുന്നത്. പദ്ധതി എത്രയും വേഗം പുനരാരംഭിക്കണമെന്ന് സിഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ ലാന്റ് സ്കേപ്പിംഗ്, പാർക്കിംഗ് യാർഡ്, പവലിയൻ, സൈനേജ്, ബോട്ടിംഗ് യാർഡ്, നടപ്പാത, ഫുഡ് കോർട്ട്, ആംഫി തീയറ്റർ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ബാരേജ് നവീകരണം, ക്വാർട്ടേഴ്സിന്റെ ലാന്റ് സ്കേപ്പിംഗ്, സസ്പെൻഷൻ ബ്രിഡ്ജ്, എൻട്രൻസ് ഗേറ്റ്, ടോയ്ലറ്റ്, ബീച്ച്, കുട്ടികളുടെ കളിസ്ഥലം, യൂട്ടിലിറ്റി ഷോപ്പ്, അക്വേറിയം തുടങ്ങിയവ ഉൾപ്പെടുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. വൈദ്യുതിയും ജലവും ജലസേചന വകുപ്പിൽ നിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ മൂന്നാംഘട്ട നിർമ്മാണത്തിനായുള്ള പദ്ധതി സർക്കാർ സ്ഥാപനമായ കെ.ഇ.എൽ. തയ്യാറാക്കി നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. മണിയാർ ടൂറിസം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ധർമ്മടം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

329 (995) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ധർമ്മടം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; ;

(ബി) ഓരോ പ്രവൃത്തികളുടെയും ഭരണാനുമതി നൽകിയത് ഏതൊക്കെ വർഷങ്ങളിലാണെന്നും ആയതിന്റെ വിശദാംശങ്ങളും നൽകാമോ ;

(സി) ഓരോ പ്രവർത്തികളും ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ -സി)

പദ്ധതി	ഭരണാനുമതി/തുക (ലക്ഷത്തിൽ)	ഘട്ടം
(1)	(2)	(3)
പെരളശ്ശേരി അമ്പലം-എ.കെ.ജി. സ്മാരകം മക്രേരി അമ്പലം റോഡ് മെച്ചപ്പെടുത്തൽ	സ.ഉ.(സാധാ) നമ്പർ 445/2011/ ടി.എസ്.എം. തീയതി 18-1-2011. ആകെ തുക -115 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.
തലശ്ശേരി പരിസ്ഥിതി പ്രദേശത്തെ ബീച്ചുകളുടെ വികസനം (ധർമ്മടം, മുഴിപ്പിലങ്ങാട്, ചാൽ ബീച്ചുകളിൽ മിച്ചമുള്ള സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ)	സ.ഉ.(സാധാ) നമ്പർ 991/ 2012/ടി.എസ്.എം. തീയതി 3-2-2012 ആകെ തുക -120 ലക്ഷം (ധർമ്മടം - 51 ലക്ഷം മുഴിപ്പിലങ്ങാട് - 37 ലക്ഷം ചാൽ 32 ലക്ഷം)	പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly